

सारस्वत वाणी

प्रकाशन:
संयुक्त गौड सारस्वत सभा, कालिकत

ANNUAL SUBSCRIPTION ₹ 12/-

खंड 44 अंक 5 (केवळ अंगा खातीर) मेय 1, 2022

SARASWATH VANI

Published By
SAMYUKTHA GOWD SARASWATH SABHA, CALICUT

ॐ

श्री महालसा नारायणी प्रसन्ना:





100% BIS Hall Marked light weight
Traditional, Antique collections



AKSHAYA
JEWELLERS

GOLD - DIAMOND - SILVER - GEM STONES

MELE PALAYALAM ROAD, CALICUT - 1

☎ 0495 2728916   7012737356

Follow us on :

SUNDAY ALSO OPEN   VALET PARKING AVAILABLE

Saraswath Vani

Published by

SAMYUKTHA GOWD SARASWATH SABHA

SOORAJ JEWELLERS,

KAMMATH LANE, CALICUT - 673 001, PH : 2701420

Reg. No. 16 / 1974

खंड 44 | अंक 5 | (केवळ अंगा खातीर) | 1 मेय , 2022

मांडावळ

पान

ATTENTION PLEASE

Materials, News items for publication in the Saraswath Vani should be sent to the following address before 20th of each month:

Editor, Saraswath Vani
Sooraj Jewellers, Kammath Lane
KOZHIKODE - 673001
e-mail: saraswathvani@gmail.com

प्रार्थना

Let your desires be common; let your hearts be unified; let your intentions be united; let there be perfect union amongst you.

(Rig Veda X, 191-4)

सुभाषितम्

Good people never lose their composure even in the worst distress. Even while burning, camphor emanates fragrance.

(Drashtantakalikashatakam)

अमृतवचनम्

The way we see the world shapes the way we treat it. If a mountain is a deity, not a pile of ore; if the forest is a sacred grove, not timber; if other species are biological kin, not resources; or if the planet is our mother, not an opportunity- then we will treat each other with greater respect. This is the challenge, to look at the world from a different perspective.

(David Takayoshi Suzuki, Canadian scientist end environmentalist)

MAHABALESWAR SAIL: RECIPIENT OF SARASWATHI SAMMAN

U. Gopal Maller

Hitherto, with a few exceptions, most of the Konkani writers we have selected for Saraswath Vani's cover story have been Goans. Here, let us remember, although during the first half of the last century itself we had witnessed an upturn in Konkani literature, it could thrive only after the liberation of Goa from the stranglehold of the Portuguese by India in the year 1961, and Konkani was accorded the status of an independent language, and, being official language of Goa, it was enlisted in the Eighth Schedule of the Indian Constitution in 1992. Hence, Goa has a special and unique importance as far as Konkani language is concerned.

Mahabaleswar Sail, one of the leading Konkani writers, was born on August 4, 1943, at Shejebage, Majali, a small village in the Uttara Kannada district of Karnataka. His was traditionally a family of agriculturists. His father was serving in the Army. And the untimely death of his father forced Sail to give up his schooling and take to agriculture, when he was studying in the 8th Standard. Later, following the footsteps of his father, Sail enrolled himself in the Indian Army. And, as a soldier, he had participated in the Indo-Pak war on 1965, while he was posted at the Hussainiwala border post. Before that, he had the opportunity of being the part of the United Nations Peacekeeping Force at the Israeli- Egyptian border. Sail also had the opportunity of serving in the forest department in Goa and the Goa, Daman, Diu police force. Finally, he joined the Indian postal department and retired from there.

Sail, who began his literary career writing short stories in Marathi, soon shifted to Konkani, and his first Konkani novel, ' Kaali Ganga' (1996), based on the lives of the people belonging to the farming community on the banks of the River Kaali in Karwar, Karnataka, was well received. His collection of Konkani short

stories, 'Taranga,' (1993), brought him the Sahitya Akademi Award in Konkani. Strong female characters were the speciality of his writings.

His Konkani novellas ' Adrusht,' and 'Aranyakand' were very popular. And 'Paltadacho Munis,' the Konkani film, was based on the adaptation of his novella 'Adrusht'. 'Paltadeche Taru,' 'Bayonet Fighting,' 'Nimano Aswathama,' and 'Don Moolencha Jhaad' are his other short story collections. 'Yug Samvar,' 'Khol Khol Mula,' 'Vikhar Vilkho,'and 'Maati Ani Malab' are his other novels. "Saim Dev' is the children's novel written by him. Apart from this, he has written novels 'Tandav,' and 'Band Darvaj' in Marathi language. Also, he has scripted plays in Marathi like 'Nako Jalu Maza Gharta,' 'Charitryaheen,' "Sharanagati,' and 'Yatana Chakra.'

If his novel Vikhar Vilkho deals with the grave problems posed by narcotic substances, the novel Hawthan deals with challenges faced by traditional potters as a result of lack of demand for their earthenware. His novel Yug Samvar speaks about the most turbulent period in Goan history with the advent of the Portuguese. When the Portuguese reached Goa in 1510 (CE), they found the Hindu society there riven by distinctions and discrimination based on caste, customs, etc. The novel, set in the fictional village, Adolshi, narrates the heart-wrenching incidents of forced religious conversions and inquisition that took place in Goa under the Portuguese dispensation. It was in 2017, the novel was translated into English by Ms. Vidya Pai, under the caption The Age of Frenzy.

Sail is the winner of Sahitya Akademi Award (1993), Dr. TMA Pai Award (1997), Goa Kala Academy Award (1989 and 1996), Goa Government's Cultural Award (2006), Katha Award (2007), Goa Government's Literary Award (2007), Vimala V.Pai Viswa Konkani Sahitya Puraskar (2010) and Saraswati Samman (2016) for his novel Hawthan.

Also, he has been a member of many a government and literary organisation like the Sahitya Akademi, Karnataka Konkani sahitya Akademi, Goa Kala Academy, etc. He was the president of the All India Konkani Parishad in 2005.

ഭൂമിയുടെ തെക്കെയറ്റത്ത്
ഭാഗം 1 (തുടർച്ച)
ഫുട്ബോളിന്റെ നാട്ടിൽ

ഡോ. ആശ ജയകുമാർ

ബ്രസീൽ

സൗത്ത് അമേരിക്കയിലെ ഏറ്റവും വലിയ രാജ്യമാണ് ബ്രസീൽ. 8.5 മില്യൺ കിലോമീറ്റർ സ്ക്വയറാണ് വിസ്തീർണ്ണം ! ഇംഗ്ലീഷിൽ BRAZIL എന്നാണ് സ്പെല്ലിംഗ്. പോർച്ചുഗൽ ഭാഷയിൽ അത് BRASIL എന്നായിമാറും. (ഔദ്യോഗിക ഭാഷ പോർച്ചുഗീസാണ്.) തലസ്ഥാനം ബ്രസീലിയ. ഒരു കാലത്ത് ഈ രാജ്യത്ത് തഴച്ചുവളർന്നിരുന്ന 'ബ്രസീൽവുഡ്' എന്ന മരത്തിന്റെ പേരിൽ നിന്നാണ് ബ്രസീൽ എന്ന പേര് രാജ്യത്തിന് കിട്ടിയത്. (കേരവും കേരളവും പോലെ, അല്ലേ ?) ലോകത്ത് ഏറ്റവുമധികം കാപ്പി ഉത്പാദിപ്പിക്കുന്ന രാജ്യമാണിത്.

ബ്രസീലിലെ റിയോ ഡി ജനീറോ എന്ന സംസ്ഥാനത്തിന്റെ തലസ്ഥാനത്താണ് ഞങ്ങളിപ്പോൾ എത്തിയിരിക്കുന്നത് (തലസ്ഥാനത്തിനും അതേപേരുതന്നെ). റിയോഡിജനീറോ എന്ന വാക്കിന്റെ അർത്ഥം 'River of January' എന്നാണ്. പോർച്ചുഗീസുകാർ 1565 ൽ സ്ഥാപിച്ചതാണ് ഈ നഗരം. ബ്രസീലിയൻ കാർണിവൽ, സാംബാ നൃത്തം, കോപ്പെക്കെബേന ബീച്ച്, ഇപ്പ നീമ ബീച്ച്, സപ്താത്ഭുതങ്ങളിൽ ഒന്നായ ക്രൈസ്റ്റ് ദ് റെഡീമർ, കോർക്കൊവാഡൊ മലകൾ, ഷുഗർ ലോഫ് മൗണ്ടൻ, മാരക്കാന സ്റ്റേഡിയം എന്നിവയെല്ലാം ബ്രസീലിന് ലോകഭൂപടത്തിൽ സ്ഥാനം നേടിക്കൊടുത്ത പ്രസിദ്ധിയാർജ്ജിച്ച സ്ഥലങ്ങളോ സംഭവങ്ങളോ ആണ്. 2016ലെ സമ്മർ ഒളിംപിക്സ്, 2016ലെ സമ്മർ പാരാലിംപിക്സ് എന്നിവയ്ക്ക് റിയോഡിജനീറോ വേദിയായിരുന്നിട്ടുണ്ട്.

പോർച്ചുഗീസുകാർ ആദ്യമായി ബ്രസീലിലെ ഗ്വാനബാറ കടലിടുക്കിൽ (Bay) എത്തിച്ചേർന്നത് 1502 ജനുവരി 1-ാം തിയതിയായിരുന്നുവത്രെ. അതുകൊണ്ടാണ് River of January എന്നർത്ഥം വരുന്ന Rio de Janeiro എന്ന് അവരെത്തിച്ചേർന്ന സ്ഥലത്തിന് പേരിട്ടത്. ഏതാണ്ട് കേരളത്തിലേതുപോലെയുള്ള കാലാവസ്ഥ യാണ് ഈ നാട്ടിലും. വഴിയരികിൽ നിരനിരയായി നട്ട തെങ്ങുകൾ കണ്ടു. പലയിടത്തും കരിക്ക് വിൽക്കാൻ വച്ചിരിക്കുന്നതും കണ്ടു.

എയർപോർട്ടിൽ നിന്നും ഏതാണ്ട് മുപ്പത് കിലോമീറ്റർ യാത്ര ചെയ്ത് കോപ്പെക്കെബേന ബീച്ചിനടുത്തുള്ള ഹോട്ടൽ വിൻഡ്സർ എക്സൽസിയറിൽ എത്തിച്ചേർന്നു. വഴിയരികിൽ ഓടുമേഞ്ഞ വീടുകൾ, മലകൾ, തുറമുഖം, ഫാക്ടറികൾ, ഇഷ്ടിക കൊണ്ട് ഗ്യാലറികൾ പണിതിരിക്കുന്ന തുറന്ന സ്റ്റേഡിയം എന്നിവയൊക്കെ കണ്ടു. ധാരാളം വൻമരങ്ങളും പലയിടത്തും നല്ല രീതിയിൽ പരിപാലിച്ചിരിക്കുന്നത് കണ്ടു.

കെട്ടിടങ്ങളുടെ ചുമരുകളിൽ പല വർണ്ണങ്ങളിൽ ആകർഷകമായ ചുവരെഴുത്ത്. വെറും കുത്തിവരയ്ക്കലോ, മുദ്രാവാക്യങ്ങളോ അല്ല. ശരിക്കും തേജസ്സും ഓജസ്സുമുള്ള വർണ്ണാഭമായ ചിത്രങ്ങൾ ! ഒന്നു രണ്ടു പ്രാവശ്യം ബസ്സ് ടണലിലൂടേയും കടന്നുപോയി. ഇവിടത്തെ വാഹനങ്ങൾ left hand drive ആണ്.

ഫ്ളാമെംഗോ യൂബർപാർക്ക് എന്ന മനോഹരമായ പാർക്ക് കണ്ടു - സുന്ദരം, സുഖശീതളം, ഹരിതാഭം ! ദൂരെ ഷുഗർ ലോഫ് മൗണ്ടനും, അതിലേക്ക് കയറിപ്പോകുന്ന കേബിൾ കാറുകളും കണ്ടു. "നാളെ നമ്മൾ ആ കേബിൾ കാറുകളിൽ കയറും, അതുകൊണ്ട് ഇപ്പോൾ കഷ്ടപ്പെട്ട് ഫോട്ടോയെടുക്കാൻ ശ്രമിക്കേണ്ട" എന്ന് മരിയ പറഞ്ഞു. അങ്ങനെ കാഴ്ചകൾ പലതും കണ്ട് ആറുമണിയോടെ ഹോട്ടലിലെത്തി. ഞങ്ങളുടെ ബാഗുകളിലൊക്കെ അവരവർക്ക് കിട്ടിയ മുറികളുടെ നമ്പർ എഴുതി, ഹോട്ടൽ ജീവനക്കാരെ ഏൽപ്പിച്ചു. ഹോട്ടൽ ജീവനക്കാരിൽ ചിലർ ഞങ്ങളെ ലിഫ്റ്റിൽ കയറ്റി 13-ാം നിലയിലുള്ള ഒരു ഹാളിലെത്തിച്ചു. പലതരം തണുത്ത പാനീയങ്ങൾ തന്ന് അവർ ഞങ്ങൾക്ക് സ്വാഗതമോതി. കൊക്കക്കോള, സ്പ്രൈറ്റ്, നാരങ്ങയും സോഡയും ചേർത്ത ബിയർ പോലത്തെ ഡ്രിങ്ക് എന്നിവയും, ശീതീകരിച്ച വെള്ളവുമാണ് കിട്ടിയത്. കോപ്പെക്കെ ബേന ബീച്ചിന്റെ മനോഹര ദൃശ്യം അവിടെയിരുന്ന് കണ്ടു. കാറ്റിൽ പീലിവിടർത്തിയാടുന്ന തെങ്ങോലകൾ ! തീരാത്ത നൂപുരമണിയിക്കുന്ന തിരകൾ. നാമമാത്രമായി വസ്ത്രം ധരിച്ച് ബീച്ചിലൂടെ അലസമായി നടന്നുനീങ്ങുന്ന ജഘനഭരാലസകൾ !

ഞങ്ങൾ മുറിയിലെത്തി ഫ്രെഷായി. കുറച്ചുനേരം കോപ്പെക്കെബേന ബീച്ചിൽ നടന്നിട്ടുവന്നു. ഇളനീർ, പോപ്പ്ക്കോൺ, Quisoques എന്നറിയപ്പെടുന്ന ചെറിയ മദ്യവിൽപ്പനശാലകൾ, തട്ടുകടകൾ, ബാത്ത് ടവ്വൽ, തൊപ്പി, കീചെയിൻ എന്നിവയൊക്കെ വിൽക്കുന്നവർ, ബിക്കിനി ധരിച്ച് കൂളായി നടക്കുന്ന സുന്ദരികൾ, അവരെ 'വായിൽ നോക്കാതെ' നടന്നുപോകുന്ന പുരുഷന്മാർ... മണ്ണിൽ ചിതറിക്കിടക്കുന്ന സിഗരറ്റുകുറ്റികൾ, പ്ലാസ്റ്റിക് ഗ്ലാസ്സുകൾ, ഇളനീർ തൊണ്ടുകൾ...

Copacabana Beach

കോപ്പെ-ക്കെ-ബേന എന്നാണ് ഉച്ചാരണം. റിയോ ഡി ജനീറോയിലെ വിഖ്യാതമായ ബീച്ച്. 'View of the lake' എന്നാണ് പോർച്ചുഗൽ പദത്തിന്റെ അർത്ഥം. ഈ വാക്ക് 'Kotakawana' എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ഉത്ഭവിച്ചതെന്നും വാദമുണ്ട്. പ്രത്യുൽപാദനത്തിന്റെ (fertility) ഗ്രീക്ക് ദേവതയാണ് കോത്ത ക്കവാന. നാലു കിലോമീറ്റർ നീളത്തിൽ നീണ്ടുകിടക്കുന്ന അതി സുന്ദരമായ ഈ ബീച്ച് Princea Isabel മുതൽ Posto Seis വരെ നീണ്ടുകിടക്കുന്നു. ഈ രണ്ടുസ്ഥലങ്ങളിലും ഓരോ കോട്ടകളും സ്ഥിതിചെയ്യുന്നു. അറ്റ്ലാന്റിക്കിന്റെ ഈ മനോഹര തീരത്ത് പുതുവത്സരത്തലേന്ന് ഗംഭീര വെടിക്കെട്ട് നടത്താറുണ്ട്. FIFA Beach Soccer World Cupന്റേ വദിയാണ് കോപ്പെക്കെബേന. 1994 ഡിസംബർ 31-ാം തീയതി രാത്രി റോഡ്

സ്റ്റുവാർഡ് എന്നയാളുടെ സംഗീത പരിപാടിയിൽ 3.5 മില്യൺ ജനങ്ങൾ പങ്കെടുത്ത് റെക്കോർഡ് സൃഷ്ടിച്ചു. പുതുവത്സരപ്പിറവി ആഘോഷി ക്കാനും ഇവിടെ ജനലക്ഷങ്ങൾ ഒത്തുകൂടാറുണ്ട്. (*ലോക ത്തിലെ ഏറ്റവും നീളം കൂടിയ കാസിനോ ബീച്ചും ബ്രസീലിലാണ് - 150 മൈൽ.)

ഇരുൾ വീണുതുടങ്ങിയപ്പോൾ ഞങ്ങൾ ഹോട്ടലിലേക്കു മടങ്ങി. സീബ്ര ക്രോസ്സിനടുത്ത് സിഗ്നൽ കാത്തുനിൽക്കു മ്പോൾ ഞാൻ പുതിയൊരിനം വാഹനം കണ്ടു - മൂന്നു ചക്രങ്ങളുള്ള BRP-Can-Am Spyder Roadster എന്നാണതിന്റെ പേര്. മുൻപിൽ രണ്ടുചക്രങ്ങളും, പുറകിൽ ഒരു ചക്രവുമുള്ള ഈ വാഹനം കണ്ടപ്പോൾ സ്റ്റീവൻ സ്പിൽബർഗിന്റെ സിനിമയിലെ അന്യഗ്രഹജീവികൾ ഉപയോഗിക്കുന്ന വാഹനമാണോ എന്നു തോന്നിപ്പോയി.

മുറിയിലെത്തി, കുളിച്ച് വൃത്തിയായി ഡൈനിംഗ് റൂമിലേക്ക് നടന്നു. വെജിറ്റേറിയൻ കറികളുടെ പേര് കേൾക്കണ്ടേ ? Vegetable Risotto and coconut milk broccoli and Almond cannelloni, cauliflower gratin, Mustard coconut milk Pasta, Vegetable chickpea souffle, Pumpkin Bobo എന്നിങ്ങനെ - സത്യം പറയട്ടെ, എനിക്കൊന്നും ഇഷ്ടപ്പെട്ടില്ല. Pumpkin Bobo കുഞ്ഞുങ്ങൾക്ക് കൊടുക്കുന്ന മുത്താറി കുറുക്കിയതുപോലെയുണ്ടായിരുന്നു. പപ്പായ, മാമ്പഴം, തണ്ണിമത്തൻ, മുന്തിരി, പഴം എന്നിവ മുറിച്ച് വലിയ സ്റ്റീൽ ബൗളുകളിലാക്കി വച്ചിരുന്നു. അത് വയറുനിറച്ച് കഴിച്ചു. മാമ്പഴത്തിന് നല്ല മധുരവും സ്വാദും.

കേരളത്തിൽ നിന്നും 14700-ഓളം കിലോമീറ്ററുകൾ താണ്ടിയാണ് ഞങ്ങളിവിടെ എത്തിയിരിക്കുന്നത്. ഉറക്കം വന്ന് കൺപോളകളെ തഴുകിത്തുടങ്ങി. എങ്ങനെയോ മുറിയിലെത്തി. പെട്ടെന്ന് ഉറങ്ങിപ്പോയി. മാറിയ time zone ഉമായി പൊരുത്തപ്പെടാൻ എന്റെ ശരീരം എത്ര പാടുപെടുന്നുണ്ടാവും എന്നായിരുന്നു തലയിണയിലേക്ക് ചായുമ്പോൾ എന്റെ ചിന്ത...

റിയോ ഡി ജനീറോയിലെ കാഴ്ചകൾ

16-1-2020 വ്യാഴം

ഇന്ന് രാവിലെ 8 മണിയോടെ എല്ലാവരും റിയോ ഡി ജനീറോയിലെ കാഴ്ചകൾ കാണാൻ തയ്യാറായിരിക്കണമെന്ന് തലേന്ന് നിജോ പറഞ്ഞിരുന്നു. 6 മണിക്ക് 'വേയ്ക്ക് അപ്പ്' കോൾ വന്നപ്പോൾ 'എവിടെയാണ് ഞാനിപ്പോ' എന്ന് മനസ്സിലാക്കാൻ ഏതാനും സെക്കന്റുകളെടുത്തു. ജനാലയിലൂടെ പുറത്തേക്ക് നോക്കിയപ്പോൾ സുന്ദരമായ കാഴ്ച - ബാലാർക്കന്റെ രശ്മികളേറ്റ് വെട്ടിത്തിളങ്ങുന്ന അറ്റ്ലാന്റിക് മഹാസമുദ്രം. വലിയ തിരമാലകളല്ല; തീരത്തോട് കിന്നാരം പറയാൻ വരുന്ന കുഞ്ഞലകൾ മാത്രം. റോഡിലൂടെ ഉന്തുവണ്ടികളിൽ വഴിയോരക്കച്ചവടക്കാർ മടക്കിവയ്ക്കാവുന്ന മേശകളും, വിൽപ്പനച്ചര ക്കുകളും തള്ളി ക്കൊണ്ടുപോകുന്നു.

ഏഴുമണിക്ക് വിഭവസമൃദ്ധമായ കോണ്ടിനെന്റൽ ബ്രേക്ക്ഫാസ്റ്റ് കഴിച്ചു. ഇന്നും പപ്പായ, മാമ്പഴം, പഴം എന്നിവ സമൃദ്ധ മായി കഴിക്കാൻ കിട്ടി. അല്പസമയത്തിനകം ഞങ്ങളുടെ ടീമിലെ ആളുകളൊക്കെ എത്തി.

ഞങ്ങൾ ഓരോരുത്തരെയായി പരിചയപ്പെട്ടുകൊണ്ടിരുന്നു. ജോസേട്ടനും തോമസ് ചേട്ടനും കോട്ടയത്തുകാരും സഹോദരങ്ങളുമാണ്. ജോസേട്ടന്റെ ഭാര്യ ലാലമ്മച്ചേച്ചി. തോമാച്ചന്റെ ഭാര്യ റോസമ്മച്ചേച്ചി. ഇവരുടെ മകനാണ് ജയറാമിന്റെ ഛായയും കുസൃതിനിറഞ്ഞ കണ്ണുകളുമുള്ള ടോം അഥവാ അപ്പു. ടോമിന്റെ പ്രിയതമ കവിത. ഇത്രയും ആളുകളെ പരിചയപ്പെട്ടു കഴിഞ്ഞപ്പോഴേക്കും ബസ്സെത്തി. മെനാറ്റോ എന്നാണ് ഡ്രൈവറുടെ പേര്. നിറപുഞ്ചിരിയുമായി മരിയയുമെത്തി. 'ബോം ഡീയാ' (Bom Dia) എന്നുപറഞ്ഞുകൊണ്ടാണ് അവർ സംസാരിച്ചുതുടങ്ങിയത്. പോർച്ചുഗീസ് ഭാഷയിൽ, 'സുപ്രഭാതം' എന്നാണ് ആ വാക്കിനർത്ഥം. ഞങ്ങളും മരിയയ്ക്ക് ബോം ഡീയാ നേർന്നു. നമ്മളാദ്യം ഷുഗർ ലോഫ് മൗണ്ടനാണ് സന്ദർശിക്കാൻ പോകുന്നതെന്ന് അവർ പറഞ്ഞു. മരിയ ബ്രസീലിനെപ്പറ്റിയും റിയോയെപ്പറ്റിയും ലഘുവിവരണം തന്നു.

പഴയതും പ്രൗഢവുമായ നിരവധി കെട്ടിടങ്ങൾ തലയെടുപ്പോടെ നിൽക്കുന്നത് കണ്ടു. മരിയ ആവശ്യപ്പെട്ടതനുസരിച്ച് ഡ്രൈവർ ബസ്സ് അല്പം 'സ്ലോ' ആക്കി. നമ്മളിപ്പോൾ കാണുന്നത് ഫെഡറൽ യൂണിവേഴ്സിറ്റി അഥവാ യൂണിവേഴ്സിറ്റി ഓഫ് ബ്രസീൽ ആണെന്ന് അവർ പറഞ്ഞു. 1792ൽ സ്ഥാപിതമായ ഈ സർവ്വകലാശാലയിൽ 67,329 വിദ്യാർത്ഥികളാണ് പഠിക്കുന്നത് ! ഇക്കാണുന്ന കെട്ടിടങ്ങൾക്കു പുറമെ ബ്രസീലിൽ പലയിടത്തായി ധാരാളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ സർവ്വകലാശാലയ്ക്ക് കീഴിൽ പ്രവർത്തിച്ചുവരുന്നു. പ്രഗത്ഭരും പ്രശസ്തരുമായ അനേകം മഹാരഥന്മാർ ഇവിടെ പഠിച്ചിറങ്ങിയവരാണ്. അക്കൂട്ടത്തിൽ ശാസ്ത്രജ്ഞന്മാരുണ്ട്. നോബേൽ ജേതാക്കളുണ്ട്, ഡോക്ടർമാരും, പൊളിറ്റിക്കൽ നേതാക്കളുമുണ്ട്. എൻജിനീയർമാരും കവികളുമുണ്ട്...

ഞങ്ങൾ കേബിൾകാർ സ്റ്റേഷനടുത്തെത്തി. ബസ്സിൽ നിന്നിറങ്ങിയ ഉടനെ ഒരാൾ കൗതുകമാർന്ന ഒരു വസ്തുവുമായി ഞങ്ങൾക്കരികിലേക്ക് ഓടിയെത്തി. ബ്രസീലിന്റെ പതാകയിൽ കാണുന്ന പച്ചയും മഞ്ഞയും നിറമുള്ള തൂവലുകൾ നെയ്യപ്പത്തിന്റെ രൂപത്തിലും വലിപ്പത്തിലുമുള്ള ഒരു ബേസിൽ ഘടിപ്പിച്ചിരിക്കുന്നു (ഷട്ടിൽ കോക്കുപോലെ). 'പെത്തേക്ക' (Peteca) എന്നാണതിന്റെ പേര്. ബാറ്റൊന്നുമില്ലാതെ കൈവെള്ളയുപയോഗിച്ച് തട്ടിക്കളിക്കാവുന്ന ഒരു സ്പോർട്സ് ഇനമാണ് പെത്തേക്ക. ടോം, ജോർജ്ജ്, ജിജിമോൻ എന്നിവർ അയാളുടെ കൂടെ കളിച്ചുനോക്കി. അവരൊക്കെ മക്കൾക്ക് കൊടുക്കാൻ ഓരോ പെത്തേക്ക വീതം വാങ്ങുകയും ചെയ്തു. ടിക്കറ്റ് കൗണ്ടറിനടുത്തേക്ക് മരിയയും നിജോയും കൂടി പോയപ്പോൾ ഞങ്ങൾ അവിടത്തെ കാഴ്ചകളൊക്കെ കണ്ട് ചുറ്റിനടന്നു. കായ്ച്ചുനിൽക്കുന്ന പേരയും മാവും കണ്ണുകൾക്ക് വിരുന്നായി.

പെട്ടെന്നാണ് ഞങ്ങളാ കാഴ്ച കണ്ടത്. മാനം മുട്ടെ കുത്തനെ നിൽക്കുന്ന ഷുഗർ ലോഫ് കരിമ്പാറയുടെ വശത്തു കൂടെ എന്തോ ഒന്ന് കയറിപ്പോകുന്നു ! സൂക്ഷിച്ചുനോക്കിയപ്പോഴാണ് അത് പർവ്വതാരോഹകരാണെന്ന് മനസ്സിലായത് ! എന്റമ്മേ, ഇതെന്തൊരു സാഹസം !

മരിയയും നിജോയും അല്പം നിരാശരായിട്ടാണ് വന്നത് - ഇന്റർനെറ്റിൽ നിന്നും ഞങ്ങളുടെ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ പറ്റുന്നില്ലെന്ന്. അതുകൊണ്ട് നമുക്ക് വേറെ കാഴ്ചകൾ കാണാൻ പോകാം, ഉച്ചകഴിഞ്ഞ് വീണ്ടും ഇങ്ങോട്ടുവരാം എന്ന് മരിയ പറഞ്ഞു.

പെത്തെക്കയെപ്പറ്റി ഞാൻ ഇന്റർനെറ്റിൽ പരതിയപ്പോൾ രസകരമായ ചില വിവരങ്ങൾ കിട്ടി. ബ്രസീലിലെ പരമ്പരാഗതമായ ഒരു കായിക വിനോദമാണ് പെത്തെക്ക. ആദ്യകാല ഗോത്ര വർഗ്ഗക്കാരായ 'ടൂപ്പിയൻ' വിഭാഗമാണ് ആ പേര് നൽകിയത്. അടിക്കുക, തട്ടിക്കളിക്കുക എന്നൊക്കെയാണ് പെത്തെക്ക എന്ന വാക്കിന്റെ അർത്ഥം. പാട്ട്, നൃത്തം എന്നിവയോടൊപ്പമാണ് സാധാരണയായി ഇത് തട്ടിക്കളിക്കുന്നത്. ഫുട്ബോൾ, വോളിബോൾ എന്നീ കളികളെപ്പോലെ പെത്തെക്കയും ഈ നാട്ടിൽ വളരെ ജനപ്രീതി നേടിക്കഴിഞ്ഞു.

ഞങ്ങളുടെ ബസ്സ് മാറക്കാന സ്റ്റേഡിയത്തിനടുത്തെത്തി. എല്ലാവരും ഇറങ്ങി.

മാറക്കാന - എങ്ങനെ മറക്കാനാ ?

ബ്രസീലിലെ വിശ്വപ്രസിദ്ധമായ സ്റ്റേഡിയമാണിത്. പോർച്ചുഗൽ ഭാഷയിൽ Estadia do Maracana എന്നാണതിന്റെ പേര് Rio Maracana എന്ന നദിയുടെ അടുത്ത് സ്ഥിതിചെയ്യുന്നതു കൊണ്ടാണ് ഈ സ്റ്റേഡിയത്തിന് ആ പേര് കിട്ടിയത്. 1950 ജൂലായ് 16-ാം തീയതിയായിരുന്നു ഇതിന്റെ ഉദ്ഘാടനം. FIFA World Cup ന്റെ ബ്രസീൽ - ഉറുഗ്വായ് മത്സരമാണ് അന്ന് നടന്നത്. 79,000 ആളുകൾക്ക് ഇരിക്കാവുന്ന സ്റ്റേഡിയത്തിൽ ബ്രസീൽ ജയിക്കുന്നത് കാണാൻ 1,99,854 പേർ തടിച്ചു കൂടി. പക്ഷെ ബ്രസീലിന്റെ ആരാധകരെ കണ്ണീരിലാഴ്ത്തിക്കൊണ്ട് 2 -1 ന് ഉറുഗ്വായ് ബ്രസീലിനെ തോൽപ്പിച്ചു. പൊട്ടിക്കരഞ്ഞുകൊണ്ടാണത്രെ ബ്രസീൽ ടീമും ആരാധകരും സ്റ്റേഡിയം വിട്ടത്. ആ ചരിത്രം എങ്ങനെ മറക്കാനാ ?

ഫുട്ബോൾ ഭ്രാന്തന്മാരുടെ നാടായ ബ്രസീലിൽ നാലു വമ്പൻ ക്ലബ്ബുകളുണ്ടെന്ന് മരിയ പറഞ്ഞു - ഫ്ളാമെംഗൊ, ബോട്ടഫാഗോ, വാസ്ക്കൊഡഗാമ, ഫ്ളൂമിനെൻസ് എന്നിവയാണവ.

സ്റ്റേഡിയത്തിനുമുൻപിൽ ഞങ്ങളൊരു പ്രതിമ കണ്ടു. വലിയൊരു പന്തിനുമുകളിൽ, ഇടതുകൈയിൽ ഫുട്ബോളും, ഉയർത്തിപ്പിടിച്ച വലതുകൈയിൽ ജൂൾസ് റിമെറ്റ് ട്രോഫിയുമായി നിൽക്കുന്ന ബെല്ലിനിയുടെ പ്രതിമയായിരുന്നു അത്. ഹിൽഡറാൽഡോ ലൂയിസ് ബെല്ലിനി ബ്രസീലിയൻ ടീമിലെ ഡിഫെൻഡറായിരുന്നു. 1958 ൽ അദ്ദേഹത്തിന്റെ ടീം വേൾഡ് കപ്പ് നേടിയിരുന്നു. ആ കപ്പുമേന്തി നിൽക്കുന്ന രൂപമാണ് നാം സ്റ്റേഡിയത്തിനു മുൻപിൽ കാണുന്നത്. അൽഷൈമേസ് രോഗം പിടിപെട്ട അദ്ദേഹം 2014ൽ നിര്യാതനായി.

ഫുട്ബോൾ പ്രേമികൾക്കായി നെയ്മർ, പെലെ എന്നിവരുടെയൊക്കെ പേരും നമ്പറുകളുമുള്ള മഞ്ഞയും പച്ചയും നിറമുള്ള ജഴ്സികൾ, പന്തുകൾ, തൊപ്പികൾ എന്നിവ വിൽക്കാൻ വച്ചിരുന്നു.

സ്റ്റേഡിയത്തിന്റെ ഒരു വശത്തായി നീന്തൽക്കുളങ്ങളുമുണ്ടായിരുന്നു. Parque Aquatico Julio Delamare എന്നാണതിന്റെ പേര്.

പ്രശസ്ത സ്പോർട്സ് ലേഖകനായിരുന്ന ജൂലിയോ ഡീലാമേർ എന്നയാൾ വിമാനാപകടത്തിൽ കൊല്ലപ്പെടുകയുണ്ടായി (1978). അദ്ദേഹത്തോടുള്ള ആദരവ് പ്രകടിപ്പിക്കാനാണ് ഈ പേരിട്ടിരിക്കുന്നത്.

റോഡിലൂടെ എയർകണ്ടീഷൻ ചെയ്ത ലോ ഫ്ളോർ ബസ്സുകൾ പോയിക്കൊണ്ടിരുന്നു. നമ്മുടെ നഗരങ്ങളിൽ കേൾക്കാറുള്ള ശബ്ദകോലാഹലങ്ങളൊന്നുമില്ല. അരോചകമായ, രക്ത സമ്മർദ്ദമുയർത്തുന്ന,ശബ്ദമലിനീകരണമുണ്ടാക്കുന്ന 'ഹോണടി' എവിടേയും കേട്ടില്ല.

മതിലുകളിൽ സുന്ദരമായ ചിത്രങ്ങൾ വരച്ചിരിക്കുന്നു. പൊതുജനങ്ങൾക്ക് ചിത്രങ്ങളിലൂടെ അവരുടെ ആവശ്യങ്ങളും വിമർശനങ്ങളുമൊക്കെ പ്രകടിപ്പിക്കാൻ ഗവൺമെന്റ് പൂർണ്ണ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. ഒരു ചിത്രത്തിൽ അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്, കൊറിയ എന്നുപേരെഴുതിയ തൊപ്പിവച്ച നായ, ബാക്ഗ്രൗണ്ടിൽ പൊട്ടിത്തെറിക്കുന്ന അണു ബോംബ്. ട്രംപിന്റെ തലയ്ക്ക് മുകളിലായി Happy New War എന്നും ചിത്രീകരിച്ചിരിക്കുന്നു. വടക്കൻ കൊറിയ അണ്വായുധം കൈവശം വയ്ക്കുന്നതും, പരീക്ഷണാടിസ്ഥാനത്തിൽ 'പൊട്ടിക്കുന്നതും' അമേരിക്കയ്ക്ക് ഇഷ്ടമല്ല. 'അത് ചോദിക്കാൻ നീ യാരാടാ?' എന്നാണ് യു.എസ്.നോട് കൊറിയയുടെ ചോദ്യം. ഇങ്ങനത്തെ വിഷയങ്ങളും 'ചുവർചിത്രങ്ങളിലുണ്ട്' !

റിയോ ഡി ജനീറോയിലെ പുരാതനങ്ങളായ വലിയ വീടുകൾ ചൂണ്ടിക്കാണിച്ച് മരിയ പറഞ്ഞു - ആ വീടുകളിൽ ആൾത്താമസമില്ല. വലിയ കുടുംബങ്ങൾ ചുരുങ്ങിച്ചുരുങ്ങി അണുകുടുംബങ്ങളായപ്പോൾ അവർ ഫ്ളാറ്റുകളിലേക്ക് ചേക്കേറി. പഴയ വീടുകൾ പെയിന്റടിച്ച് അറ്റകുറ്റപ്പണികളൊക്കെ നടത്തി മനോഹരമാക്കി സംരക്ഷിച്ചുവച്ചിട്ടുണ്ട് - കല്യാണപ്പാർട്ടികൾക്ക് വാടകയ്ക്ക് കൊടുക്കാൻ. വധുവിന്റേയും വരന്റേയും അടുത്ത ബന്ധുക്കൾക്ക് ഒന്ന് രണ്ടുദിവസം മുൻപ് ഇവിടെവന്ന് താമസിക്കാനും സൗകര്യമുണ്ട്. കോഴിക്കോട് ബീച്ചിനടുത്തായി ഇതു പോലെ നല്ല രീതിയിൽ സംരക്ഷിച്ചുവരുന്ന മുസ്ലിം തറവാടുകളുണ്ട്. അവിടേയും വിവാഹസൽക്കാരങ്ങൾ നടന്നുവരുന്നു. ചരിത്രമുറങ്ങുന്ന സുന്ദരമായ ഈ കെട്ടിടങ്ങൾ പൊളിച്ചുകളയാൻ തോന്നാതിരുന്നത് നന്നായി ! റിയോ ഡി ജനീറോയിലെ പല കെട്ടിടങ്ങൾക്കും ഗോവയിലേയും ഫോർട്ട് കൊച്ചിയിലേയും കെട്ടിടങ്ങളുമായി നല്ല സാമ്യം - ഇവിടെയൊക്കെ പോർച്ചു ഗീസുകാർ വാണ സ്ഥലങ്ങളാണല്ലോ.

തുടരും

ഗോവയിലെ വിസ്താരം

അദ്ധ്യായം : 2

ചില രഹസ്യ ഉടമ്പടികൾ

ശ്രീകേഷ് പുതുവാശ്ശേരി

നാലു ദശാബ്ദകാലത്തോളം വാണിജ്യം മാത്രമായിരുന്നു പോർട്ടുഗൽ മുന്നിൽകണ്ടിരുന്നത്. എന്നാൽ ഈ നാലുദശാബ്ദകാലം കൊണ്ട് വാസ്കോ ഡ ഗാമ ഇവിടുത്തെ ജനങ്ങളെയും അവരുടെ വിശ്വാസങ്ങളെയും അടുത്തറിയുകയും ഈ വാർത്തകൾ പോർട്ടുഗൽ രാജാവായ മാനുവലിന്റെ ചെവിയിലെത്തിക്കുകയും ചെയ്തിരുന്നു .

(സ്പെയിനിൽ ക്രിസ്തുമതം പ്രചരിക്കപ്പെട്ടത് അരാഗണിലെ രാജാവായ ഫെർദിനാന്റ് IIഉം കസിലിലെ ഇസബെല്ലാ I രാജ്ഞിയും തമ്മിലുള്ള വിവാഹ ഉടമ്പടിയിൽ നിന്നായിരുന്നു. ക്രൂരമായ മതപരിവർത്തനവിചാരണകൾക്കൊടുവിൽ ജൂതന്മാർ പരിവർത്തനവിധേയരാകുകയോ, മരണപ്പെടുകയോ ചെയ്തു. മുസ്ലിംങ്ങളോട് ക്രിസ്തുമതം സ്വീകരിക്കുകയോ അല്ലെങ്കിൽ അവിടംവിട്ടു പോകുകയോ ചെയ്യാൻ 10- ദിവസം സാവകാശം നൽകികൊണ്ട് രാജാവ് ഉത്തരവുപുറപ്പെടുവിച്ചു ; അല്ലാത്തവരെ ക്രൂരമായ വിചാരണക്ക് വിധേയരാക്കി. 300 വർഷങ്ങൾ കൊണ്ട് 12000 പേർ അതിക്രൂരവും നീചവുമായ വിചാരണക്കൊടുവിൽ കൊല്ലപ്പെട്ടു. 1492 എ.ഡിയിൽ വിചാരണ മേധാവികളായിരുന്ന തോമാസ് ഡ ടോർകുമാഡ, ഇസബെൽ, ഫെർണാണ്ടോ ക്രിസ്തുമതം സ്വീകരിക്കാത്ത പ്രദേശവാസികളോട് സ്പെയിൻ വിട്ടുപോകാൻ നിർദ്ദേശം നൽകി. ഒരു ലക്ഷം ജൂതന്മാർ മതപരിവർത്തനത്തിന് വിധേയയരായി; രണ്ടുലക്ഷം ജൂതന്മാർ അവിടം വിട്ടുപോയി.)

അക്കാലത്ത് പോപ്പ് പോൾ IIIന് കീഴിൽആയിരുന്നു കത്തോലിക് ചർച്ച് (സഭ). ഗോവയിലെ സാഹചര്യം മനസ്സിലാക്കിയ കത്തോലിക് ചർച്ച് വാസ്കോ ഡ ഗാമയുടെ മേൽ മതപരിവർത്തനത്തിന് സമ്മർദ്ദം ചെലുത്തി. അനുകൂലമായ നിലാപാട് സ്വീകരിച്ചില്ലെങ്കിൽ കച്ചവടമാർഗ്ഗം ചർച്ചിനുകീഴിൽ വരുന്ന എല്ലാ രാജ്യങ്ങൾക്കുമായി തുറന്നുകൊടുക്കും എന്ന് ഭീഷിണിപ്പെടുത്തുകയും ചെയ്തു. എന്നാൽ തന്റെ വാണിജ്യ മേൽകോയ്മയെ തകർക്കുന്ന ഒരു കാര്യത്തിനും വാസ്കോ എതിരുനിൽക്കാൻ തയ്യാറായിരുന്നില്ല. കത്തോലിക്ക മതവിശ്വാസിയായ വാസ്കോ ഉടമ്പടി അംഗീകരിച്ചു.

പോർട്ടുഗൽ നാവികമേധാവി അൽഫൊൺൻസ് ഡ അൽബുക്യുർക്ക്; മുസ്ലിം ഭരണാധികാരിയായിരുന്ന ആദിർഷായുടെ മേൽ ഒരു നിയന്ത്രണമുണ്ടായിരുന്നു എങ്കിലും മൂന്നു മാസത്തിനുശേഷം പോർട്ടുഗൽ സൈന്യം അവിടുത്തെ സഖ്യരാജ്യക്കാരും ബാജിപൂർ സുൽത്താനായ ആദിൽഷായോട് ശത്രുത പുലർത്തിയിരുന്നവരുമായ തിമ്മയ്യ വിഭാഗത്തെ കൂട്ടുപിടിച്ച് ആദിൽഷായെ യുദ്ധത്തിൽ കൊലപ്പെടുത്തി ഭരണം കൈക്കലാക്കി. അങ്ങിനെ1534 ൽ ആർച്ച് ബിഷപ്പിന്റെ കീഴിൽ "കത്തോലിക് ചർച്ച് ആർക്കിഡിയോസിസ് " ഗോവയിൽ രൂപം കൊണ്ടു.

മതപരിവർത്തനം ലക്ഷ്യമാക്കികൊണ്ട് ചെറുരാജാക്കന്മാർക്ക് സൈനീക പിന്തുണ നൽകി ഉടമ്പടിയുണ്ടാക്കുകയും ദരിദ്രരായ ജനങ്ങൾക്ക് ഭക്ഷ്യ

വസ്തുക്കളും ജോലിയും നൽകി പ്രലോഭിച്ചും അവർ സുവിശേഷം പ്രചരിപ്പിച്ചു കൊണ്ടിരുന്നു.മന്ദഗതിയിൽ നടന്നിരുന്ന ഈ പ്രവർത്തനത്തിന്റെ ആക്കം കൂട്ടാൻ ബിഷപ്പ് 6 മെയ് 1542 ൽ "ജീസസ് സൊസൈറ്റി"യുടെ സഹസ്ഥാപകരിൽ ഒരാളുമായ ഫ്രാൻസീസ് സേവ്യറിനെഗോവയിലേക്കയച്ചു.

(ഫ്രാൻസിസ് സേവ്യർ- സ്പെയിനിൽ പരിണീസ് പർവ്വതത്തിനടുത്ത് നാവാരെ പ്രവശ്യയിൽ ബാസ്ക് വംശത്തിൽ ഒരു പ്രഭുകുടുംബത്തിൽ ജനനം. 20-ാം വയസ്സിൽ പുരോഹിതവൃത്തിയിൽ താൽപര്യവാനായി യോഗ്യത നേടാനായി പാരീസ് സർവകലാശാലയിൽ വിദ്യാർത്ഥിയായി .പതിനൊന്നു വർഷത്തെ പഠനത്തിനിടയിൽ ഇഗ്നേഷ്യസ് എന്ന വ്യക്തിയുമായുള്ള ബന്ധം കത്തോലിക പ്രതിപത്തി ഉറപ്പിക്കാൻ കാരണമായി.1534 ൽ വിശുദ്ധമറിയത്തിന്റെ ആണ്ടുദിവസം ക്രിസ്തീയ സഭാംഗമായി വൃതവാഗ്ദാനം നടത്തി .പരിശീലനത്തിനു ശേഷം 1537 ജൂൺ 24 ന് ഇറ്റലിയിലെ വെനീസിലെ പുരോഹിതനായി . അക്കാലത്ത് പോർട്ടുഗൽ രാജവായ ജോവ് III-ാം ന്റെ നിർദ്ദേശപ്രകാരം ബിഷപ്പ് മത പരിവർത്തനങ്ങൾക്കായി ഫ്രാൻസിസ് സേവ്യറെ പോർട്ടുഗൽ അധീനതയിലുള്ള ഗോവയിലേക്കയച്ചു).

ഗോവയിലെത്തിയ സേവിയർ പോർട്ടുഗൽ രാജാവിനെഴുതി "ആരാണോ ഗോവ ദർശിച്ചത് അവർക്ക് ലിബ്സൻ കാണേണ്ട ആവശ്യമേയില്ല." ഗോവയിലെ ശിൽപവാസ്തുവിദ്യകളെപ്പറ്റിയും പ്രകൃതിമനോഹാരിതയെ പറ്റിയും അദ്ദേഹം വലിയ ഒരു വിവരണം തന്നെ രാജാവിന് അയച്ചുകൊടുത്തു.

4000 വർഷങ്ങൾക്ക് മുൻപ് സരസ്വതി നദി വറ്റിവരണ്ടുപോയപ്പോൾ അവിടെനിന്നും സൂരിനദിക്കരയിലേക്ക് കുടിയേറിയ സാരസ്വത ബ്രാഹ്മണരായിരുന്നു ഗോവയിലെ ഭൂരിഭാഗം വരുന്ന ജനത. സനാതനധർമ്മത്തിൽ വളരെ ശക്തമായ പൈതൃകവും വിശ്വാസവുമുള്ളവരായിരുന്നു പൗരാണികഗോവൻ ജനത. സേവ്യർ വിചാരിച്ചതുപോലെ അത്ര എളുപ്പമായിരുന്നില്ല ഹിന്ദുക്കളെ പരിവർത്തനം ചെയ്ത് ക്രിസ്ത്യൻ മതവിശ്വാസത്തിൽ കിഴീൽ കൊണ്ടുവരിക എന്നുള്ളത് . അതിനായി ഫ്രാൻസീസ് സേവ്യർ പലതരത്തിലുള്ള പ്രലോഭനമുറകൾ സ്വീകരിച്ചു .അനാഥരായ

ഹിന്ദുകുട്ടികളെ ചർച്ച് ഏറ്റെടുത്ത് അവരെ മതവരിവർത്തനത്തിനായി

ഉപയോഗിച്ചു. പൂണൂൽ ധരിക്കുന്നതും ,ശിഖ, ജട എന്നിവ വയ്ക്കുന്നതും നിരോധിച്ചു.ക്ഷേത്രങ്ങൾ അക്രമിക്കുകയും വിഗ്രഹങ്ങൾ നശിപ്പിക്കുകയും വിലപിടിച്ച വസ്തുകൾ കവരുകയും ചെയ്തു. വീടുകളിൽ വിഗ്രഹങ്ങൾ വയ്ക്കുന്നതും ആരാധിക്കുന്നതും കർശനമായി നിരോധിക്കപ്പെട്ടു.തുളസിത്തറകളിൽ നിന്നും തുളസി പിഴുതെറിഞ്ഞ് കുരിശുനാട്ടി. (ചരിത്രം അറിയാത്ത പുതുതലമുറക്കാരായ ഗോവക്കാർ ഇന്നും വീടിനും മുൻപിൽ തറയുണ്ടാക്കി കുരിശുസ്ഥാപിക്കുന്നത് കാണാം).

1543 ൽ ഫ്രാൻസീസ് സേവിയർ പോർട്ടുഗൽ രാജാവിന് എഴുതി. "പരിവർത്തനം ചെയ്യപ്പെട്ട കുട്ടികൾ എന്തുകൊണ്ടും അവരുടെ മാതാപിതാക്കളെക്കാൾ നല്ലവരായിത്തീരുമെന്ന് എനിക്കു വിശ്വാസമുണ്ട്. അവർ ദൈവവചനത്തോട് വളരെ പ്രതിപത്തിയുള്ള വരായി കാണപ്പെടുന്നു. അവരുടെ അസാധാരണമായ ഊർജ്ജസ്വലത നമ്മുടെ വിശുദ്ധമതത്തെ മറ്റുള്ളവർക്കും മനസ്സിലാക്കിക്കൊടുക്കാൻ ഉതകുന്നതാണ്. അവരുടെ വിഗ്രഹാരാധകരോടുള്ള വെറുപ്പ്

എന്നെ അത്ഭുതപ്പെടുത്തുന്നു. വീടുകളിൽ മാതാപിതാക്കൾ പൂജ നടത്തുമ്പോൾ അവർ ഒഴിഞ്ഞു നിൽക്കുകയും ചെയ്യുന്നു. എന്നുമാത്രമല്ല ഇത്തരം പൂജകളും വിഗ്രഹാരാധനകളും സ്വന്തം വീടുകളിൽ നടത്തുന്നത് തടയുന്നതിൽ അവർ ഒരു പരിധിവരെ വിജയിക്കുകയും ചെയ്തിട്ടുണ്ട്. എവിടെയെങ്കിലും ഇത്തരം ആരാധനകളും പൂജകളും നടക്കുന്നു എന്നു കേട്ടാൽ അവർ എന്നെ അറിയിക്കുകയും അവരുടെ പ്രവർത്തനങ്ങളെ അറിയാൻ ഞാൻ കൂടെപോകുകയും ചെയ്യുന്നു.ഞാൻ അവരെകൊണ്ടു തന്നെ വിഗ്രഹാരാധകരെ ചീത്തവിളിപ്പിക്കുകയും, ഈ കൽപ്രതിമകളിൽ തുപ്പിക്കുകയും ഈ കുട്ടികളെ കൊണ്ടുതന്നെ അതിൽ മൂത്രമൊഴിപ്പിക്കുകയും ചെയ്യുന്നു. അവർ വിഗ്രഹാരാധകരുടെ കൺമുന്നിൽ ഈ വിഗ്രഹങ്ങൾ തല്ലിത്തകർക്കുന്നു. അങ്ങിനെഅവരാൽ കഴിയും വിധത്തിലെല്ലാം അവരുടെ ക്രോധവും, വിദ്വേഷവും തീർക്കുന്നതു കണ്ട് ഞാൻ വളരെഅധികം സന്തുഷ്ടനാണ്."

എന്നാൽ സഹസ്രാബ്ദങ്ങളായി തങ്ങളുടെ പാരമ്പര്യത്തിൽ വിശ്വസിച്ചിരുന്നവരായ ഗോവക്കാർ ഒളിഞ്ഞും തെളിഞ്ഞും തങ്ങളുടെ ആരാധനകൾ തുടർന്നുപോന്നു. കാരണം പ്രാകൃതരായ ജൂതന്മാരുടെ സംസ്കാരം ഹിന്ദുവിന് എങ്ങിനെയാണ് അംഗീകരിക്കാൻ കഴിയുക. ഇന്നത്തെ തലമുറയെ അപേക്ഷിച്ച് അവരുടെ ആദ്ധ്യാത്മിക ഗ്രന്ഥങ്ങളെക്കുറിച്ചുള്ള വ്യക്തവും ശക്തവുമായ അറിവ് അവർക്കുണ്ടായിരുന്നു. സേവ്യർ തന്റെ നിയമങ്ങൾ കാർക്കശ്യമാക്കികൊണ്ടിരുന്നു. വേദങ്ങൾ പാരായണം ചെയ്യുന്നത് നിരോധിക്കപ്പെട്ടു. ചന്ദനവും ഭസ്മവും തൊടുന്നത് നിരോധിക്കപ്പെട്ടു.പുരുഷന്മാർ മുണ്ടും വേഷ്ടിയും ധരിക്കുന്നതും സ്ത്രീകളും പെൺകട്ടികളും ധാവണിയും പാവാടയും ധരിക്കുന്നതും തടയപ്പെട്ടു.ഭക്ഷണം പാകം ചെയ്യുന്നതിനുമുൻപുള്ള സ്നാനവും വൃതാനുഷ്ഠാനങ്ങളും വിലക്കപ്പെട്ടു. ക്രിസ്ത്യാനികൾ ഹിന്ദുക്കൾക്ക് ജോലി നൽകുകയോ അവരുടെ കിഴീൽ പണിയെടുക്കുകയോ ചെയ്യുന്നത് വിലക്കി.മതപരിവർത്തനത്തിന് തയ്യാറാകുന്നവരെ 15 വർഷത്തേക്ക് കപ്പം കൊടുക്കുന്നത് ഒഴിവാക്കി. പക്ഷെ ഫ്രാൻസീസ് സേവ്യറിന്റെ ഈകുതന്ത്രങ്ങളൊന്നും വേണ്ട രീതിയിൽ ഫലം കണ്ടില്ല.

തന്റെ പ്രയത്നങ്ങൾ പരാജയപ്പെട്ടതിനെതുടർന്ന് സേവ്യർ പോർട്ടുഗൽ രാജാവ് ജോവ് IIIക്ക് എഴുതി "ഹിന്ദുക്കൾ വളരെ അപവിത്രമായ വംശമാണ്. അവർ ചതിയന്മാരും, നുണയന്മാരും, ദുശ്ശാഠ്യക്കാരുമാണ്. അവരുടെ ആരാധനമൂർത്തികൾ പൈശാശ്ചികവും കറുത്തതും വിരൂപവും എപ്പോഴും എണ്ണയുടെ ദുർഗ്ഗന്ധം വമിക്കുന്നതുമാണ്. അതുകൊണ്ട് സ്പെയിനിലേതുപോലെ ഗോവയിലും മതവിചാരണ കോടതികൾ തുറന്ന് ശിക്ഷാവിധികൾ നടപ്പിലാക്കാനുള്ള അനുമതിയും സാഹചര്യവും ഒരുക്കിത്തരണം."

സേവ്യർ തുടരുന്നു.... "ഇവിടെ ജൂതമത ആചാരപ്രകാരം ജീവിക്കുന്നവരും ഇസ്ലാം മതവിശ്വാസികളും ലോകത്തെയും ദൈവത്തെയും പേടിയില്ലാത്തവരും ഉണ്ട് . ഹിന്ദുക്കൾ കോട്ടത്തളം പോലെ വ്യാപിച്ചുകിടക്കുന്നു. ഇവിടെ സ്പെയിനിലുള്ളതു പോലെവിചാരണ ശിക്ഷാനടപടി നടത്തുന്നതിനോടൊപ്പം എത്രയും വേഗം മതപ്രവാചകരെയും ശിക്ഷാസാമാഗ്രികളും എത്തിച്ചുതരണമെന്ന് അഭ്യർഥിക്കുന്നു."

തുടരും

മൊഴിയടയാളങ്ങൾ

വന്ദിക്കാൻ മറന്നു പോകുന്ന പുതുതലമുറ

ശിവപ്രസാദ് എസ്. ഷേണായി

മാതാ, പിതാ, ഗുരു, ദൈവം എന്നതാണ് നമ്മുടെ സംസ്ക്കാരവും പാരമ്പര്യവും. ഗുരുക്കന്മാരേയും പ്രായത്തിൽ മുതിർന്നവരേയും ബഹുമാനിക്കുന്നതായിരുന്നു ശീലം. ഗുരുനാഥന്മാരുടേയും വീടുകളിലെ കാരണവതുല്യരുടേയുമൊക്കെ മുന്നിൽ വിറയലോടെയല്ലാതെ നിൽക്കാനാകുമായിരുന്നില്ല പണ്ടുകാലങ്ങളിലൊക്കെ നേരെനിന്ന് മിണ്ടാൻ തന്നെ പല കുറി ആലോചിക്കണം ഇതൊക്കെ വളരുന്നതിന്റെ, വളർത്തുന്നതിന്റെ ഗുണങ്ങളായാണ് കണ്ടിരുന്നത്.

ഇന്നതെല്ലാം അപ്പാടെ മാറി. താളം തെറ്റി. ആർക്കും ആരോടും ബഹുമാനമില്ല.എന്തും ചെയ്യാം എന്തും പറയാം. ധിക്കാരപരമായ പെരുമാറ്റങ്ങൾ അലങ്കാരമായികൊണ്ടു നടക്കുന്നവരായിരിക്കുന്നു പുതിയ തലമുറക്കാരെല്ലാം. വേഷഭൂഷാദികളിൽ, നടപ്പിൽ, സംസാരത്തിൽ അങ്ങനെഅടിമുടി ഇത് പ്രകടമാണ്.

വിദ്യാലയങ്ങളിൽ പാഠപുസ്തകങ്ങൾ പഠിപ്പിക്കുന്നവർ മാത്രമല്ല ഗുരുനാഥന്മാർ. അറിവിന്റെ ചെറിയ സൂചനകൾ തരുന്നവരെപ്പോലും ഗുരുക്കന്മാരായി കാണണം. നാടും ലോകവും അത്രകണ്ട് വിശാലമാണ്. പണ്ടു കാലങ്ങളിലെ സൂക്ഷ്മാവസ്ഥയിൽ നിന്നും അവസ്ഥകൾ വിസ്തൃതമായപ്പോൾ എല്ലാം തല തിരിഞ്ഞ നിലയായി. യുവത്വങ്ങൾ അഹങ്കാരത്തിന്റെയും ധാർഷ്ട്യത്തിന്റെയും പ്രതിനിധികളാവുകയാണ്.ആർക്കും ആരോടും കടപ്പാടുകളില്ലാതാവുന്നു. മമതയും അടുപ്പവും ഇല്ലാതാവുന്നു. ഇതെല്ലാം കുട്ടി രാഷ്ട്രീയത്തിന്റെ ദുരന്തമാണെന്ന് നോക്കിക്കാണാവുന്നതാണ്.

രാഷ്ട്രീയത്തിന്റെ സനാതനമുഖം ഇന്ന് ഇല്ല. വിദ്യാർത്ഥി രാഷ്ട്രീയം, കലിതുള്ളലിന്റെ കളരിയാവുന്നു, അടിപിടിയുടേയും അതിക്രമത്തിന്റെയും ലൈസൻസായിത്തീരുന്നു . എന്തു ചെയ്താലും മേലാളന്മാർ കാത്തുകൊള്ളും എന്നൊരു ധാരണ ഇക്കൂട്ടർക്ക് ധൈര്യം നൽകുന്നു. സഹപാഠികളേയും അദ്ധ്യാപകരേയും ഉപദേശിക്കുന്നവരേയും കൈകാര്യം ചെയ്യുന്നതാണ് മിടുക്ക് എന്ന് ഇവർ ധരിച്ചുവെച്ചിരിക്കുന്നു. അവർക്ക് ആരോടും, എന്തിന് സ്വന്തം വീട്ടുകാരോടുപോലും ആത്മാർത്ഥത കാണിക്കാൻ സാധിക്കില്ല. ഈയൊരു ദുര്യോഗമാണ് നാട് ഇന്ന് അനുഭവിച്ചു കൊണ്ടിരിക്കുന്നത്. ബഹുമാനവും ആദരവും പിടിച്ചുവാങ്ങേണ്ടുന്ന ഒന്നല്ല. അത് കർമ്മഫലത്താൽ സ്വായത്തമാകുന്ന ഒന്നാണ് . അതുപോലെ തന്നെയാണ് മറ്റുള്ളവരെ മാനിക്കുക, ബഹുമാനിക്കുക എന്നതും. അത്, ജനിതകമായും കുടുംബപശ്ചാത്തലത്തിലൂടെയും സഹവർത്തിത്തത്തിലൂടെയുമാണ് ഓരോരുത്തരിലും ഉൾച്ചേർന്നുവരിക. ഇന്നത്തെ സാമൂഹികാന്തരിക്ഷത്തീൽ വഴിതെറ്റൽ എളുപ്പമാണ്. വഴി തെറ്റിക്കാൻ ചിലർ കൂടെയുണ്ടെങ്കിൽ പിന്നെ ഒന്നും പറയാനില്ല.

സ്വാധീനത്തിന്റെയും രാഷ്ട്രീയമേധാവിത്തത്തിന്റെയും പിൻബലമുണ്ടെന്ന അഹങ്കാരമാണ് പുതുതലമുറയെ ധിക്കാരികളാക്കിത്തീർക്കുന്നത്. ചോരത്തിളപ്പിൽ എന്തൊക്കെയോ കാണിക്കുന്നു. ഗുരുനാഥന്മാരേയും മുതിർന്നവരേയും വകവെയ്ക്കാത്ത മനഃസ്ഥിതിയിലേക്ക് അവർ മാറപ്പെടുന്നു. വയസ്സിൽ മൂത്തവരേയും തന്നിൽ ചെറിയവരേയും ബഹുമാനിക്കുമ്പോൾ ഉയർന്നു നിൽക്കുന്നത് അവരവർ തന്നെയാണ്. ആ അറിവില്ലാത്തവരായി പുതുതലമുറ, വിദ്യർത്ഥി സമൂഹം മാറ്റപ്പെട്ടിരിക്കുന്നു. വീട്ടിൽപ്പോലും വിനയം കാണിക്കാത്തവർ, സമൂഹമധ്യത്തിൽ ധിക്കാരികളായി മാറിയില്ലെങ്കിലേ അതിശയപ്പെടാനുള്ളൂ. രാഷ്ട്രീയ പ്രവർത്തനത്തിലുടെ നല്ല നേതാക്കളെ സൃഷ്ടിച്ചെടുക്കുവാൻ പണ്ടൊക്കെ സാധിച്ചിരുന്നു . അവരൊക്കെ മാർഗദർശികളായിരുന്നു. ഗുണ്ടായിസത്തിൽ മികവ് കാണിക്കുന്നവർക്കാണ് ഇന്ന് രാഷ്ട്രീയത്തിൽ മുൻഗണന. അത് കുട്ടിരഷ്ട്രീയത്തിൽ നിന്ന് ആരംഭിക്കുന്നു. അവർ ആരേയും വകവെക്കാതെ വില്ലന്മാരായി, സാമൂഹ്യവിപത്തുകളായി പരിണമിക്കുന്നതിന്റെ സാക്ഷികളായി നാം നിൽക്കുന്നു

Srimad Shankaracharya and Saraswat Brahmins

Kannada original by : Late Basti Pundalik Shenoy
Translation by : Late B.Vasanth Shenoy

It is believed by a few that Srimad Govinda Bhagavat padacharya, the Preceptor, of Srimad Shankaracharya and Srimad Gowdapadacharya, his supreme guru, were Saraswat Brahmins. But there is no clartiy whether they were from South India or North India. However Shankaracharya had lived in South India; yet we cannot conclude that South India was his regional and central place. Shivaguru, father of Shankaracharya was a worshipper of Shakti and so was Shankara also. It was because of this that Shankara installed Sri Kamakshi at Kanchi and composed "Soundarya Lahari" and "Ananda Lahari". Taking this fact into account it is not wrong to presume that basically the Acharya was a Saraswat Brahmin. Whatever it may be, several Saraswats of Konkan, and Kanauj Brahmins had adorned the Kanchi Jagadguru Dharmapeeta, established by Sri Sankara, according to historical evidence.

The lineage of the heads of Kanchi Jagadguru Dharma Peeta is given in the book "Sankaracharya The Great and His Successors at Kanchi" by Sri. H. Venktaraman, M.A. It mentions the caste and original names before his becoming a Seer, of all the heads. Several of the Matadhipatis are found to be Saraswaths.

1. The eighth head Kanchigurupeeta Srimad Sureswara Saraswati was formerly known as Maheswara, the son of Ishwara Pandita of Konkan and belonged to Mahabaleswar.
2. Ujjwal Shankar Saraswati, the fourteenth head was Achyut Keshava, son of Keshav Shankar of Maharasthra; previously.
3. The fifteenth Pontiff, was formerly Gowda Sadashiva, son of the Kanauja Brahmin, Devamitra.
4. Son of Madhuranath of Maharasthra, Madhav, became the sixteenth guru with the name Srimad Surendra Saraswati.
5. The nineteenth head, Srimad Chandrashekhara Saraswati was the son of the Konkan Brahmin Achyutha.
6. Madhura, the son of Ramanath of Rathnagiri in Konkan assumed the name of Haripoornanda on becoming the Matadhipati.

7. The twenty second guru Srimad Chitsukhananda Saraswati was Shiva Sharma, a Konkan Brahmin before he became the head. He stayed in Kanchi during the entire peiod of fifteen years while he was the Head. Perhaps he was the last Konkan Brahmin to be the head at Kanchi.
8. Sheshamitra, son of the Maithila Brahmin Bhanumithra became the twetny first Pontiff, Shri Mahatmadevendra.
9. Sripati, son of the Kanauja Brahmin Kamaleshwara became the Pontiff, Srimad Sachidwilasa Saraswati.

It is not known how many other Saraswats became the heads after the above as no mention is made in the book by Sri Venktaraman.

All former authors of several 'Shankara Digvijaya' have confirmed that Sureshwaracharya was the same Mandana Misra who was defeated by Sri Shankaracharaya in a heated verbal exchange about Shatsras. Mandana Misra had to become a Sanyasi after the defeat. He was a Kanauja Brahmin and the disciple of the renowned theoretician, Bhatta Kumarila Misra. But the modern scholars doubt whether the two persons are one and the same. In the 'Digvijaya' composed by one Vyasa Chala, it is said that these two are separate individuals. There is no mention about the argument between Sri Shankara and Mandana Misra. On the other hand there is a tsrange story that Bhatta Kumarila Misra had another disciple named Viswaroopa, along with Shankaracharya. The following story is only a proof of the creative skill of Vyasachala as a poet.

When Shankaracharya visited Kumarila Bhatta, he was doing penance. Shankaracharya paid obeisance to him and showed the t reatise he had written for his scrutiny. Kumarila was pleased to advise Shankaracharya to approach on of his disciples, Viswaroopa in Magadha and request him with full honours and seek his opinion on the treatise. He added that Viswaroopa should be treated with humiltiy and respect for his favour. When Shankara was about to leave for Magadha, Mandana Msira who was present there and approached Shankaracharya and bowed with utmost respect. The pleased Shankara accepted him as disciple and taught him the Advaita Philosophy. Leaving Mandana Misra there, Shankara went through arial route to Magadha to call on Viswaroopa and landed in his coutryard. "Yevamena manuneeya Sathpadair brahmavadana par guruvarya Mandanam gija pade Sthira bhaktim Samvidhaya

mandodhat". The rest of the storyv about Mandana Misra is as found in other Shakara Digvijayas."

The above story makes it clear that there was no argument between Mandana Misra and Shankara and so Misra had not become a Sanyasi after defeat. Moreover, it was Viswaroopa of Magadha, who engaged in argument with Shankaracharya, and on being defeated, adopted Sanyas and afterwards became famous as Sureshwaracharya. Vyasachala's story is to be rejected as baseless and fictitious. Madhava Vidyaranya who lived after Vyasachala, praises the latter in his 'Shankara Digvijaya' and says that Mandana Misra was defeated in the argument with Shankara. This is contrary to what Vyasachala says. In one stanza Mandana Misra is referred to as Viswaroopa. So there is no doubt that Mandana Misra became a saint and adopted the name of Sureshwaracharya and became famous.

There is difference of opinion among modern Scholars about Sureshwaracharya. According to K.A. Nilakanta Shastri; Mandana Msira and Sureshwaracharya are not the same. But as already explained, this is baseless. Sri. K. Venktaraman has replied to this question in his "The story of Kanchi Peeta" several Matts believed to have been founded by Shankaracharya were really started by Sureshwaracharya. The other disciples of Shankara were said to be Jealous of Mandana Misra for his scholarship and fame. As Misra was not of their Seer, Brahmins who disliked him claimed that Misra and Sureshwaracharya were not the same. Sri. K. Venkataraman records this as follows:

"Sureshwaracharya is the celebrated Mandara Msira, a great Meemamsa teacher and pupil of Kumarila Bhatta. He is said to have been an incarnation of Brahma and his wife was a very learned lady, so much so that she was looked upon as Saraswati herself. He was by caste a Kanauj Gowd Brahman. He renounced the world and his dotcrines as a result of a dispute with Shankara, and followed the latter as his disciple. He is the author of a number of Vedanta and Meemamsa works :-

1. Naishkarmya Siddhi, 2. Taitiriya Upanishad Bhashya, 3. Brihadaranyakopanishad Bhashya Vartika, 4. Manasollasa, 5. Panjeekarana Vartika, 6. Brahma Siddhi, 7. Vidhiviveka, 8. Vibhramavilasa.

'Prithvidhava', 'Brahmaswaroopa' and 'Viswaroopa' are only

probably other names for him, though sometimes they are regarded as separate persons. I have already said how he is claimed as the first head of sevaral Mathas. Undoubtedly, he is the most illustrious of Sri Shankara's pupils and deservedly held in great esteem by his followers. The pre-eminence seems to have excited the jealosy of others, which led to a sort of split among the great Guru's followers, soon after his demise, if not during his lifetime.

That is probably the meaning of the circumstantial account of the sqabble over the writing of a Vartika on the Brahmasutra Bhashya when Mandhara gives in his 'Shankara Vijaya'.

'Msira' is a title (nickname) of the Saraswat Brahmans used from ancient days. After they moved over to Kanauj later, this name came to be used there. Presently this is being used by Sarayooparina Maithila Brahmins also. "Samkshipta Hindi Shabdasagara", the dictionary published by Kashi Nagari Pracharini Sabha, gives the meaning of 'Msira' as "Mishra = Sarayooparina, Kanyakubja over Saraswat aadi Brahmanonki yek Varg ki Upaadhi."

- *From the forthcoing book 'Ancient History of Saraswat Brahmins'*

What is corona?

Sou. Shilpa V. Laad
Goa

Kar n ona means corona
A feeling to do what you want
Feeling of positivity
And feeling of jealousy
When u feel spread it
When u want hide it
Corona is a sense of joy
Full of antibiotics
N joint pain thourough
You live or die
Who damn cares
Some might utter a word
Some might not dare
Corona is a way to ditch
Those who are honest
Or u r sweet
No matter u get sick
Give others a hard kick
You live with corona
Might you die with it
It teaches you life my friend
N mentalities of person with a brand
Live with corona brand
Follow guys new trend
Enjoy coronaaaaa

MONA LISA'S SMILE

Dr. S.P. Maller

Only humans are bestowed with the ability to smile
Remember and use this God's gift at least once in a while
For one to smile, seventeen facial muscles have to move in unison
If unity is absent, the smile will turn into a frown
A rainbow will have only colours seven
But in your sweetheart's smile you may find a thousand and one hues
Smile is one of the gateways that lead to friendship
Humour and laughter sweep away your hardship for a while
Smiling Mona Lisa is the five hundred years old masterpiece of Da Vinci
But the smile of Mona Lisa is immortal and matchless
When many say it is human a few others call it divine
In either case, the smile imparts matchless glamour to Mona Lisa
Any attempt to find out whether it is artist's or God's workmanship
Will land you in a great dilemma
The smile of Mona Lisa continues to be an enigma
But it only adds to her charisma
You can find numerous adjectives for smile
And if you try to measure its length, it will run into a mile
Humour and laughter enhance your lifespan
If you aim longevity, laugh as much as you can
Smile connotes the same meaning in every language
The joy it spreads cannot be measured in gauge
Laughter is a sedative sans any side effects
Measured dosage of it is sure to increase its effect
Let us all join together and smile in unison
To make this world a better place to live in

പുലരി തൻ വിസ്മയ തുമ്പത്ത്....

ശ്രീകല ഗോകുൽ

പ്രപഞ്ചം പ്രഭാഭാസുരമായ്
മാറിടുംനേരം
ആശ്ചര്യഭരിതയായ് മാറിടുന്നു ഞാൻ വിമൂകമായ്
നിത്യപ്രഫുല്ലയായ് നിത്യഹരിതയായ്
പരിലസിക്കുന്നല്ലോ -യവനിയും

പൂഴിമണ്ണിലാലോലമായ്
നിപതിക്കുന്നൊരാ
അരുണകിരണങ്ങളാൽ

പുതുജന്മമെടുക്കുന്നീ
ജീവജാലങ്ങളെല്ലാം
വീണ്ടലംതന്നിൽ

പ്രവഹിക്കുന്നല്ലോ സചേതനതൻ
നിർജ്ജരിയണുയണുവിങ്കലും

പൂവാടികളിൽ ചിത്രപതംഗങ്ങൾതൻ
നടനമതി മോഹനമാനന്ദദായകം

ഖഗകൂജനങ്ങളാൽ
ഉണർവിന്നുർവരതയാൽ
ചടുലമെൻ തൊടികളും

പച്ചപ്പുതപണിഞ്ഞൊരാ
കരിനിലത്തിൻമീതെ
പറന്നുയരുന്നല്ലോ കൊറ്റിതൻവൃന്ദങ്ങളും

അങ്ങകലെ വാഴത്തോപ്പിൽ കാണ്മു
തലകീഴായ് തപസ്സു ചെയ്യുമാവവ്വാൽ കൂട്ടങ്ങളെ

കോക്കുരലുകളാൽ
പൂമുഖം മുഖരിതമാക്കും
ശുനകനെതഴുകിടും

നേരമവനുടെ കൺകളിൽ കാണായി
സ്നേഹത്തിൻ പാലാഴിയും

ഉദയഗിരിക്കോട്ടതൻ രാഗശോണിമയാലെൻ
ചിന്തകൾക്കും ചന്തമേറുന്നയ്യാ വിമോഹനം

പുലരിതൻ വിസ്മയത്തുമ്പത്തു
ഞാനിതാ നിൽപ്പുചെമ്മേ

പവിത്രമാം സ്നേഹ
പ്പൊലിമയാൽ
സരളം, ലളിതം തരളിതമീ ജീവിതം

AN APPEAL TO OUR MEMBERS

Priya Samaj Bandhavas,

Saraswath Vani, the monthly organ of the Samyukth Gowd Saraswath Sabha, has already entered its 43rd year of uninterrupted and meritorious service to the Sabha households. Started in tabloid format in 1979, the Vani underwent a makeover in 2000 and has since been brought out in demi 1/8 format with multicolour cover, thanks to the munificence of some of the Sabha members and well wishers of the Vani, who have been supporting it by augmenting its advertisement revenue. However, the unprecedented escalation of printing cost has again landed the publication in a deep financial crunch. Again, to tide over the present financial problem, some other members have come forward to individually donate Rs. 2,500/= (Rupees two thousand and five hundred only) per year. Now, we request our esteemed members, especially our outstation members, to come forward to join this scheme and donate a minimum amount of Rs. 2500/= (Rupees two thousand and five hundred) per annum and oblige. Those who are willing to join the scheme may kindly remit the amount directly to our bank account, the details of which are given below.

Union Bank of India, Corporation Bank Bldg, Kozhikode 673 001
IFS code : UBIN0900231 Ac No.520101048737905SB
accountSamyuktha Gowd Saraswath Sabha

D. SHANTHARAM NAYAK
Editor, Saraswath Vani

पत्तो बदलप

Shri. N. ARUN MALLER
65/291 A, "Akshyam"
Nedungadi Gardens
Chakkorothukulam Nadakkave P.O.
KOZHIKODE - 673 011

Shri.NANDAMOHAN SHENOY
4/44,"Gurukripa"
Dr.J.A.Bhat Road
North Cherlai
KOCHI- 682 002

ब्रह्मोपदेशम

The Brahmopadesham ceremony of Chiranjeevi VIGNESH,son of Smt. Bindhu and Shri.V.Manjunath Bhat and Chiranjeevi GYANAV,son of Smt. Leena and Shri.V.Girish Bhat was performed on 3rd April 2022 at Snehanjali Auditorium, Calicut.

व्हार्डिक

The marriage ceremony of Chiranjeevi AJAY,son of Smt. Suchitha and Shri.Mulki Bhaskar Kamath with Kumari RICHA,daughter of Smt.Vanya Guptha and Shri.Kamakhya Narayana Prasad was performed on 28th April, 2022 at Hotel Hill View Resort, Jamshedpur, Jharkand.

APPEAL TO ALL

Priya Samaj Bandhavas,

As you all know SGS Sabha has been supporting needy families/persons amongst us through monthly aid. Sabha has also extended financial help to those who approached us for medical aid. We were able to meet the expenses for such needs reasonably well from Sabha's income from interest on endowments and also from monthly contributions received from a few kind hearted members. Bank interest has been falling steadily through the last several years and Sabha's income from renting out the commercial portions of Saraswath Bhavan has become negligible due to the pandemic. Sabha's Governing Council which is confident about the helping nature of it's members entrusted us to make this appeal as the above reasons should not come on our way while extending support to the needy. All are requested to come forward with generous contributions either on a monthly/yearly basis or by donating to Sabha's 'Family Support Fund' set up for the noble cause.Contributions may be made by cash/cheque handed over to the Secretary/Treasurer or by remitting to Sabha's Bank account. SGS Sabha,CalicutSB Account No:520101048737905at Union Bank of India, Calicut. IFSC:UBIN0900231Those desirous of availing exemption U/S.80G of IT Act may forward PAN along with their contributions/donations.

Manava Seva Madhava Seva

Dr. G.R.Jayakumar
President


U.Gokuldas Maller
Secretary

जनन

Smt.SWETHA,wife of Shri.Sandeep R.Naik and daughter in law of Smt.Anupama and Shri.V.Ravindra Naik and daughter of Smt.Veena and Shri.P.Swathanthra Rao gave birth to a baby girl on 29th March 2022 at Calicut. The child has been named "ADVIKA".

सामाजकिनीतकिाव्यगुच्छ: - एक भोवमूल्य अणकार

प्रो. डा. कस्तुरी मोहन पै



नव्या भारताचो एक असामान्य कोंकणी बरपी बाब शरतचंद्र शेणैन सुविख्यात कोंकणी मनिस संस्कृत बरपी डॉ. मंगेश वेंकटेश नाडकर्णीन रचयलें संस्कृत काव्य ‘सामाजिकनीतिकाव्यगुच्छः’ कोंकणीक अणकार करून आधुनिक संस्कृत काव्यांची कोंकणी अणकाराचें एक नवी परंपरा सुरवात केल्या. आयच्या कालघट्टाचेर हाका एक विशेशताय आसा. तांच्या उत्रांत सांगचें जाल्यार हो अणकार ‘समश्लोकी’ कोंकणी भाषांतर.

पांच शतकां आनी दोन दशकांचे ह्या काव्यांत केवल ‘समश्लोकी’ नंयं पूण ‘समानार्थ’ कोंकणी शब्द प्रयोगां खूब वाचुंक मेळतात. ‘सनातनधर्मतत्त्वशतकम्’ हांतुल्या 26 आनी 27 चे श्लोकांत आमचे पूर्वजान वेदांचे दिश्टीर पळयल्या सैमांतले प्रकृतिच्या वैशिश्ट्य आंतर्यांतले उपनयानान पळोवुन ब्रह्म तत्वाचें अणभव कवी घेता आनी कोंकणी भासेंत आमका अणभव दिवुंक जैत जाता. ‘परिसरनीतिशतकम्’ शतकांचे कोंकणी अणकार विशिश्ट जावन उबजल्यांत. हांतु सैमाचो आनी प्राणीवर्गांचे, विशेश जावन मानव जातीचो खूब क्लिष्ट संबंध कोंकणी कवीन सोंपे करून सांग्लां आनी तें अशें दिसता की ‘आरे! हो संबंध माका आयज मेरेन कित्याक अणभवाक आयलो ना?’

‘मानवधर्मशतकम्’ हांतु हेर एक मूळ श्लोकाक समानांतर जावन कोंकणी कवीन उत्पन्न केलेलें शब्द भंडार कोंकणी भासेचे श्रीमंतकाय आनी कवीलें बौद्धीक परिपक्वताय दिसूंक येता. 28 च्या श्लोकांत कवी सांगता ‘मनीश जेन्ना पळयता.......’ तशेंत 70 व्या श्लोकांत जे आमी आयच्या युववर्गाचे द्विचक्री वाहनांचे अपघातान दुर्मरण पाव्च्या तात्सारपणाचे मनोभाव कोंकणी कवी अंतराळाचे दुखान सरळ शब्दांत सांगता ‘अपमृत्यू जांव येता ताचो.........’ हीं

दोनय वाचतना राजा भर्तृहरीच्या 'नीतिशतकम्' हाचो खूब उगडास येता.


'गांधीतत्त्वशतकम्' हांतु महात्मा गांधीच्य सरळतायेचे जीण मूळ श्लोकापेक्ष सरळतायेन कोंकणी कवी मांगता 23च्या श्लोकांत 'सत्यनिष्टेंची आगां हीं..........' वाचप्यांक सहजपणान दिसता की इतलें सरळपणाचे जीण चलयिल्या एक व्यक्तीक ब्रिटिश साम्राज्याचे विरुद्ध धार्मिक विभजित एक समाजाक कशें एकटाय हाडुंक जालें? 'प्रजाप्रभुत्वशतकम्' हांतु आधुनिक भारताच्या लोकांचे मध्यकालीन 'राजशाही' चिंतने सावुन आधुनिक 'लोकशाही' चिंतनेक परिवर्तन जांवचे प्रक्रियेंचे मानसिक संघर्शाचें चित्रण कोंकणी लोकानच उपेक्ष केलेल्या कोंकणी भासेंत दोळयांचे मुखार कवी दवरूंक सश्क्त जाता आनी ती कोंकणीची व्हडली सेवा म्हणयेत.

पुस्तकाचे प्रारंभाक वाग्देवी सरस्वती आनी आखेरिक पावतना 'श्रीमहालक्ष्मिदशकम्' हीं दोनय दशकांत मूळ संस्कृत कविच्या आशायेक पूरक जावुन कोंकणी कवी आपण्याले अंतर्गत सुप्त आशिल्या चिंतन 'हें राष्ट्राचे लोकांचे बौधिक आनी अर्थिक दुबळेपण पयस करून दोनयंतूंय हें भारत श्रीमंत जावो, जात-पाताचे खर दुस्वास, वैर शमन कर गे आवय' म्हणु मागता. कोंकणी कवी शरतचंद्र शेणैक हें श्रमभरीत कार्यसिद्धीक अभिनंदन मांगतां.

'सनातनधर्मतत्त्वशतकम्' हांतु प्रारंभिक (2) श्लोकांत कवी नेर सांगता की तुम्ही ह्या सनातन धर्माक 'आर्य' म्हणा ना तर 'द्रविड', पूण हो उबजलो सिंधुनदीतटाचेर. अचल आनी सदाकालाचो हो धर्म एक कालाचेर करूंक ना, एक व्यक्तीन करूंक ना, एक ग्रंथांन करूंक ना, एक समुदायान करूंक ना अशें सांगतच कवी ह्या धर्माचो सनातनपण खरें करून दाखयता. वेवेगळे स्थानाचेर भारतीय तत्व ज्ञानांचे 'महावाक्यां' चो याद कवी दिवत आसता. श्लोक (22) तुं महावाक्य 'सर्वम खल्विदम ब्रह्म' म्हळळे चांदोग्य उपनिशदाचें म्हणी स्पश्टतायेन कवी उद्धार करता. माण्डूक्य उपनिषदांचे जाग्रत, स्वप्न आनी सुषुप्ती हीं तिनयं स्थितींचे अणभव कवी कोंकणींत बरें जावन वाचप्यांक सांगता.

गोंयच्या 'रिया ग्राफ़िक्स' हांचे सुंदर अक्षरजोडप आनी छापणावळी शोभित जाल्यांत. प्रकाशक 'संजना पब्लिकेशन्स' हांचे शिस्तबद्ध प्रकाशन पुस्तक वाचूंक मन लायता. केवल रू. २०० मूल्याचे पैशे खर्च करून सगळे कोंकणी समाजान वाचुंक जाय.

Book Release




The Sixth Golden Jubilee publication of Sukrtindra Oriental Research Institute titled 'Some Aspects of Indian Cultural Heritage' written by Dr. V. Nithyanantha Bhat, Hon. Director of the Institute, was released by Dr Ajay Kapoor, Vice Chancellor Chinmaya Vishwavidyapeeth Deemed University, Ernakulam at the Kochi International Book Festival 22 on 3rd April 22. The first copy was received by Swami Bhuvanatmananda Head Ramakrishna Math Vyttila Ernakulam, Kochi. Prof. R. V. Kilikar, President, Sukrtindra Oriental Research Institute, presided. Sri Payyanur Ramesh Pai, Former Chairman, Kerala Konkani Academy welcomed the gathering, and the author of the book Dr V Nithyanantha Bhat replied and proposed the Vote of thanks.



अभिनंदन



Kumari GREESHMA GIRIRAJ,daughter of Smt.Hema Giriraj, a Life Member of the Sabha has passed her M.Com.(Finance and Taxation)examination securing B grade from Rajagiri College of Management & Applied Sciences, Kakkanadu,M.G.University,Kochi.



Kumari SHAITHYA GIRIRAJ,daughter of Smt.Hema Giriraj,a Life Member of the Sabha has passed her B.Com.examination securing B grade with First class.



Kumari AARUSHI A.PAI, daughter of Shri.S.Ajay Pai, Bengaluru and grand daughter of Shri.G.Suresh Babu, a Life Member of the Sabha has passed her Music Vocal examination for Junior grade conducted by Secondary Education Examination Board, Karnataka in other exams Category securing 282/400 marks with a First Class.

खास दीस

MAY 2022


12 Thursday	:	Ekadashi
13 Friday	:	Shree Vedavyasa Jayanthi
14 Saturday	:	Shree Narasimha Jayanthi,Vrshabha Samkramanam
16 Monday	:	Vaishaakha Pournami
19 Thursday	:	Sankashta Chathurthi, Chandrodayam at 10.28pm.
23 Monday	:	SHREEPANDURANGA MANDIR PRATHISHTA DAY, Deepa Projwalanam at 7.00am. and commencement of Akhanda Bhajan upto 8.00pm., Madhyahna Pooja at 1.00pm. followed by Samaraadhana, Hulpo at 7.30pm.,distribution of Prasadam, Mangalaarthi,Akhanda Bhajan Samaapanam.
26 Thursday	:	Ekadashi
30 Monday	:	Somavathi Amaavasi,Vaishaakha Maasa-Vasantha Rithu Avasaanam
31 Tuesday	:	Jyeshta Maasa-Greeshma Rithu Aarambham

JUNE 2022

4 Saturday	:	Panchami Naagaabhisheka pooja
11 Saturday	:	Bhagavatha Vaishnava Ekadashi
14 Tuesday	:	Vada Savithri Vrtham

आभारः श्री पाण्डुरंगा ट्रस्ट्

Printed & Published by K. Surendra Rao, Sooraj Jewellers, Kamath Lane, Calicut-673 001
for Samyuktha Gowd Saraswath Sabha, Calicut, Ph: 2701420,
Editor: K Surendra Rao (Editor responsible for selection of news under the PRB Act.)
Printed at Kamala Offset, Calicut.



RNI No. 29569/79

SARASWATHVANI

Registered No: KL / CT / 104/ 2021-2023
Date of Publication: 01-05-2022